No. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2018

## എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള മോപ്പ്-അപ്പ് കൗൺസലിംഗ് ഓൺലൈൻ ഓപ്ഷൻ സമർപ്പണം നിർബന്ധമാണ്

2018 ലെ 20996, 19449, 19543, 19386 എന്നീ റിട്ട് പെറ്റിഷനുകളിന്മേലുള്ള 30.08.2018 ലെ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ***Al-Azhar Medical College & Super Speciality Hospital, Ezhalloor, Thodupuzha, Idukki (150 seats), DM Wayanad Institute of Medical Sciences, Kalpetta, Meppadi P.O., Wayanad (150 seats), P K Das Institute of Medical Sciences, Vaniyamkulam, Ottapalam, Palakkad (150 seats), S R Medical College and Research Centre, Akathumuri, Thiruvananthapuram (100 seats)*** എന്നീ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്ക് പ്രവേശനം നൽകുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അനുമതി ലഭ്യമായിട്ടുണ്ട്. മേൽപ്പറഞ്ഞ കോളേജുകളെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി **2018 സെപ്റ്റംബർ 4, 5** തീയതികളിൽ **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ആഡിറ്റോറിയത്തിൽ** വച്ച് നടത്തുന്ന മോപ്പ്-അപ്പ് കൗൺസലിംഗിൽ ഉൾപ്പെടുത്തി അലോട്ട്മെന്റ് നടത്തുന്നതായിരിക്കും. മോപ്പ്-അപ്പ് കൗൺസലിംഗിൽ പ്രവേശനം നൽകേണ്ട സീറ്റുകളുടെ എണ്ണം വർദ്ധിച്ചത് കണക്കിലെടുത്ത് മോപ്പ്-അപ്പ് കൗൺസലിംഗ് സുഗമമാക്കുന്നതിനുവേണ്ടി നേരത്തെ നിശ്ചയിച്ച പ്രകാരമുള്ള മോപ്പ്-അപ്പ് രജിസ്ട്രേഷനോടൊപ്പം വിദ്യാർത്ഥികളിൽ നിന്നും ഓൺലൈൻ ഓപ്ഷനുകൾ കൂടി സ്വീകരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ മോപ്പ്-അപ്പ് കൗൺസലിംഗ് നടത്തുന്നതിനുള്ള അനുമതി സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്

**മോപ്പ്-അപ്പ് കൗൺസലിംഗിൽ പങ്കെടുക്കാൻ ഓൺലൈൻ ഓപ്ഷൻ സമർപ്പണം നിർബന്ധമാണ്**

പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന മോപ്പ്-അപ്പ് കൗൺസലിംഗിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'Option Registration for Mop-up'** എന്ന ലിങ്കിലൂടെ ഓപ്ഷനുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതോടൊപ്പം ഒരു **'മോപ്പ്-അപ്പ് കൗൺസലിംഗ് സ്ലിപ്പ്'** വെബ്പേജിൽ നിന്ന് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം **01.09.2018** മുതൽ **03.09.2018 വൈകുന്നേരം 6 മണി** വരെ ലഭ്യമാകുന്നതാണ്. മോപ്പ്-അപ്പ് കൗൺസലിംഗിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിക്കുന്ന ഓപ്ഷനുകളുടെ മുൻഗണനാ ക്രമത്തിലും അവരുടെ അർഹതയ്ക്ക് അനുസരിച്ചും മോപ്പ്-അപ്പ് കൗൺസലിംഗിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും ആയിരിക്കും. അതനുസരിച്ച് ഒരു സർക്കാർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് ഓപ്ഷനുകൾ സമർപ്പിക്കാൻ കഴിയില്ല. അതുപോലെ ഒരു സ്വാശ്രയ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സ്വാശ്രയ മെഡിക്കൽ കോളേജിലേയ്ക്ക് ഓപ്ഷനുകൾ സമർപ്പിക്കാൻ കഴിയില്ല. ദന്തൽ കോളേജുകൾക്കും സമാനമായ നിബന്ധന ബാധകമാണ്. പ്രവേശനം നേടാൻ ആഗ്രഹിക്കുന്നതും പ്രവേശനം ലഭിച്ചാൽ പഠനം തുടരും എന്ന് ഉറപ്പുള്ളതുമായ കോളേജുകൾക്കും കോഴ്സുകൾക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ മോപ്പ്-അപ്പ് കൗൺസലിംഗ് വേളയിൽ പുതുതായി ഒഴിവുകൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ താത്പര്യമുള്ള കോഴ്സിലേയ്ക്ക്/കോളേജിലേയ്ക്ക് നേരത്തെ തന്നെ ഓപ്ഷനുകൾ സമർപ്പിക്കുന്നതിന് വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. വിദ്യാർത്ഥികൾ ഓൺലൈനായി

സമർപ്പിച്ച ഓപ്ഷൻ ലിസ്റ്റിന്റെ പ്രിന്റൗട്ടും മോപ്പ്-അപ്പ് കൗൺസലിംഗ് സ്ലിപ്പുമായി വേണം മോപ്പ്-അപ്പ് കൗൺസലിംഗിന് ഹാജരാകേണ്ടത്. ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ മോപ്പ്-അപ്പ് കൗൺസലിംഗിന് പരിഗണിക്കുന്നതല്ല.

**കുറിപ്പ്;** ഇതിനോടകം മോപ്പ്-അപ്പ് കൗൺസലിംഗിന് വേണ്ടി ഓൺലൈനായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളും **03.09.2018 വൈകുന്നേരം 6 മണി**യ്ക്ക് മുൻപായി വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കേണ്ടതാണ്.

പ്രത്യേക ശ്രദ്ധയ്ക്ക്:

1) മോപ്പ്-അപ്പ് കൗൺസലിംഗിനു വേണ്ടി സമർപ്പിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന അലോട്ട്മെന്റ് സ്വീകരിക്കാൻ വിദ്യാർത്ഥികൾ ബാധ്യസ്ഥരാണ്. ലഭ്യമാകുന്ന അലോട്ട്മെന്റ് സ്വീകരിക്കാത്ത പക്ഷം അവരെ മോപ്പ്-അപ്പ് കൗൺസലിംഗിന്റെ തുടർ പ്രക്രിയയിൽ ഉൾപ്പെടുത്തുന്നതല്ല.
2) 03.09.2018 വൈകുന്നേരം 6 മണിയ്ക്ക് മുൻപായി മോപ്പ്-അപ്പ് കൗൺസലിംഗിനു വേണ്ടി രജസ്റ്റർ ചെയ്യുന്ന ഓപ്ഷനുകളിൽ പിന്നീട് മാറ്റം വരുത്താൻ അനുവദിക്കുന്നതല്ല. ആയതിനാൽ മോപ്പ്-അപ്പ് കൗൺസലിംഗിനു വേണ്ടി അനാവശ്യ ഓപ്ഷനുകൾ നൽകാതിരിക്കാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മോപ്പ്-അപ്പ് കൗൺസലിംഗിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അപ്പോൾ തന്നെ ഫീസ് ഒടുക്കി അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. ഇതിനായി എല്ലാ മെഡിക്കൽ/ദന്തൽ കോളേജ് അധികാരികളും മോപ്പ്-അപ്പ് കൗൺസലിംഗ് നടക്കുന്ന സ്ഥലത്ത് സന്നിഹിതരായിരിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2332123,2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
31.08.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**